# ശ്ലീഹാക്കാലം ആറാം ഞായർ – 2016 ജൂൺ 19

(ലൂക്കാ. 12:57–13:5)

**വചനസന്ദേശം: റവ. ഫാ. പീറ്റർ കണ്ണമ്പുഴ**

"പശ്ചാത്തപിക്കുന്നില്ലെങ്കിൽ നിങ്ങളെല്ലാവരും അതുപോലെ നശി ക്കും." ഇന്നത്തെ സുവിശേഷത്തിൽ ലൂക്കാ 13:3; 5 വാക്യങ്ങളിലാണ് ഈശോയുടെ ആവർത്തിച്ചാവർത്തിച്ചുള്ള ഈ താക്കീതു നമ്മൾ ശ്രവിച്ചത്. ജറുസലത്തു സംഭവിച്ചതും യഹൂദരെ ഞെട്ടിച്ചതുമായ രണ്ടു മഹാ ദുരന്ത ങ്ങളെ ആസ്പദമാക്കിയാണ് ഈശോ ഈ ആഹ്വാനം നടത്തുക.

ഒന്നാമത്തെ സംഭവം: ജറുസലേമിൽ ബലിയർപ്പിക്കാൻ വന്ന യഹൂദരായ ഏതാനും ഗലീലിയക്കാരെ പീലാത്തോസിന്റെ സൈന്യം നിഷ്ഠൂരമായി വധിച്ചു. ദൈവാലയത്തിൽ അവരർപ്പിച്ച ബലികളോടൊപ്പം അവരുടെ രക്തവും കൂടി കലർത്തി. അപ്രകാരം ദൈവാലയത്തെ അവഹേളിച്ചു അശു ദ്ധമാക്കി.

രണ്ടാമത്തെ ദുരന്തം: ജറുസലേമിൽ തന്നെ സീലോഹാ കുളക്കര യിൽ സംഭവിച്ചതാണ്. സീലോഹാ കുളത്തിലാണ് യഹൂദർ ശുദ്ധീകരണ കർമ്മം നടത്തിയിരുന്നത്. ഈശോ അന്ധനെ സുഖപ്പെടുത്തിയിട്ടു സീലോ ഹാ കുളത്തിൽ പോയി കഴുകുക എന്ന് പറഞ്ഞകാര്യം ഇത്തരുണത്തിൽ ഓർക്കാം (യോഹ. 9:7). ഈ കുളത്തിനോടു ചേർന്നുള്ള വലിയഗോപുരം ഇടിഞ്ഞുവീണ് 18 പേർ കൊല്ലപ്പെട്ടു.

ഏതൊരു യഹൂദനേയും ആകുലപ്പെടുത്തിയ വാർത്തകളായിരുന്നു ഈ രണ്ട് ദുരന്തങ്ങൾ. മതപരമായ ചടങ്ങുകളിൽ ഏർപ്പെട്ടിരുന്ന നിരപരാധികളായിട്ടുള്ളവരുടെ ദാരുണ മരണം സ്വാഭാവികമായും ജനങ്ങളിൽ ആശയക്കുഴപ്പം സൃഷ്ടിച്ചിട്ടു ണ്ടാകും. എന്തുകൊണ്ട് ഈ ദുരന്തങ്ങൾ സംഭവിച്ചു? ദൈവം ഈ ദുരന്ത ങ്ങൾ അനുവദിക്കുവാനുള്ള കാരണം എന്തായിരിക്കും? സംരക്ഷകനായ സർവ്വശക്തൻ നിരപരാധികളെ കൈവിട്ടതിന്റെ കാരണമെന്താണ്? ഒരുപ ക്ഷെ, ദുരന്തത്തിൽപ്പെട്ടവരുടെ പാപങ്ങൾക്കുള്ള ശിക്ഷയായിരുന്നുവോ അവരുടെ മരണം?

മാസങ്ങൾക്കു മുൻപ് (മാർച്ച് 4) യെമനിൽ കുർബാനയർപ്പണത്തിനു തൊട്ടുപിന്നാലെയായി മദർതെരേസ സ്ഥാപിച്ച സമൂഹത്തിലെ നാലു ചാരിറ്റി സിസ്റ്റേഴ്സിനും ടോമച്ചനും നേരിടേണ്ടിവന്ന അതിദാരുണമായ ദുരന്തങ്ങൾ നമ്മുടെ മനസ്സിലേക്ക് ഓടിയെത്തുന്നു. കൊല്ലത്തു പരവൂരിൽ നടന്ന വെടി ക്കെട്ടു ദുരന്തത്തിൽ (ഏപ്രിൽ 10) 110-ൽ അധികം പേർ കൊല്ലപ്പെട്ടതും മുന്നൂറിലേറെപ്പേർ അപകടത്തിൽപ്പെട്ടതും നമ്മുടെ ഓർമ്മയിൽ തെളിയു ന്നു. അതുപോലെതന്നെ അനുദിനം നമുക്ക് ചുറ്റും നടക്കുന്ന പല അപകട ങ്ങളും, ദുരന്തങ്ങളും പലപ്പോഴും നമ്മെ ആകുലരും ഭയചകിതരുമാക്കുന്നു.

ദുരന്തങ്ങളിൽപ്പെടുന്നവരെ കുറിച്ചുള്ള നമ്മുടെയും വിചാരങ്ങൾ എന്തൊക്കെയായിരിക്കും എന്നുകൂടി വിലയിരുത്തുന്നത് ഉചിതമായിരിക്കും. ലോകത്തെവിടെയെങ്കിലും നടക്കുന്ന ദുരന്തത്തെക്കുറിച്ചറിയുമ്പോൾ ഞെട്ടലോടെ നമ്മുടെ മനസ്സിനെ പിടിച്ചുകുലുക്കുന്നത് ഈശോയുടെ ഈ മുന്നറിയിപ്പാണോ: "പശ്ചാത്തപിക്കുന്നില്ലെങ്കിൽ നിങ്ങളെല്ലാവരും അതുപോ ലെ നശിക്കും." പശ്ചാത്തപിക്കാത്തതുകൊണ്ടാണോ, അതോ നമ്മളെക്കാൾ കൂടുതൽ പാപികൾ ആയിരുന്നതുകൊണ്ടാണോ അവർ ഈ ദുരന്തങ്ങളിൽ പ്പെട്ടത് ?

ഈശോയുടെ പ്രബോധനത്തിൽ നിന്നും നമുക്ക് മനസിലാക്കാൻ കഴിയുക: ദുരന്തങ്ങളിൽപ്പെട്ടു ദാരുണമായി മരണമടഞ്ഞവരാരുംതന്നെ ഇപ്പോൾ ജീവിച്ചിരിക്കുന്നവരേക്കാളും കുറ്റക്കാരും പാപികളും ആയിരിക്കണ മെന്നില്ല. അത്തരം ദുരനുഭവങ്ങളിൽപ്പെടാതെ അവശേഷിക്കുന്നവർ അപകട ത്തിൽപ്പെട്ടവരേക്കാളും നീതിമാന്മാരും, പുണ്യവാന്മാരും ആയിരിക്കണമെ ന്നില്ല.

പക്ഷേ, ആത്യന്തികമായി മനുഷ്യൻ നശിക്കാതിരിക്കണമെങ്കിൽ കരണീയമായിട്ടുള്ളതു പശ്ചാത്താപം തന്നെയാണ്. മൃത്യു എപ്പോൾ വേണമെ ങ്കിലും ഏതു വിധത്തിലും മനുഷ്യനെ തേടി വന്നേക്കാം. നിത്യമായ മരണ ത്തേക്കാളും അനശ്വരമായ രക്ഷയാണ് അഭേദ്യമായിട്ടുള്ളത്. ഈശോയുടെ വചസ്സ് തീർപ്പുകല്പ്പിക്കുന്നതു മനുഷ്യന്റെ ആത്യന്തികമായ നന്മയാണ്. പക്ഷേ, ഉപാധിയായിട്ടുള്ളത് പശ്ചാത്താപം ആണ്.

എന്നാൽ എന്താണ് ഈ പശ്ചാത്താപം? പഴയകാല പാപങ്ങളെകുറി ച്ചു അനുതപിച്ച് ദൈവത്തോടു മാപ്പുതേടുക. ഇപ്പോൾ നയിക്കുന്ന പാപ കരമായ ജീവിതത്തെകുറിച്ചുള്ള കുറ്റബോധം. പിന്നീടു പുതിയ മനുഷ്യ നായി നല്ല ജീവിതം നയിക്കുക. എന്നിവയൊക്കെയാകാം പശ്ചാത്താപം കൊണ്ട് അർത്ഥമാക്കുക. 'മെറ്റനോയിയ' എന്ന ഗ്രീക്ക് വാക്കിന്റെ മലയാള തർജ്ജമയാണ് പശ്ചാത്താപം. എന്നാൽ അനുതാപം, കുറ്റബോധം എന്നിവ യേക്കാൾ ആഴമേറിയ അർത്ഥതലങ്ങളാണ് 'മെറ്റനോയിയ' എന്ന പദത്തിനു ള്ളത്. ഈ വാക്ക് പിരിച്ചെഴുതുകയാണെങ്കിൽ 'മെറ്റ' എന്നാൽ (change/above) മാറ്റം, ഉന്നതങ്ങൾ എന്നൊക്കെയാണ്. 'നോയിയ' എന്നാൽ (ാശിറ/വേശിസശിഴ) മനസ്സ്, ചിന്ത, ആലോചന, വിചാരം എന്നാണ്. അങ്ങനെയെങ്കിൽ 'മെറ്റനോയിയ' എന്ന പദത്തിന്റെ പരിഭാഷ : മനസ്സുമാറ്റം, മനസ്സിന്റെ മാറ്റം, മാനസാന്തരം എന്നും ചിന്തയിലും ആലോചനയിലും ഉള്ള മാറ്റം എന്നും ആകാം. കൂടാതെ, ഉന്നതമായ മനസ്സ്, ഉന്നതമായ ചിന്ത, ഉന്നതങ്ങളിലെ ചിന്ത എന്നും ആകാം.

'മെറ്റനോയിയ' എന്നതുകൊണ്ടർത്ഥമാക്കുന്ന അനേകം ആഹ്വാന ങ്ങൾ വി. ഗ്രന്ഥത്തിലുടനീളം കാണുവാൻ സാധിക്കും. പുതിയ നിയമത്തിൽ ആകെയുള്ള 58 ഉപയോഗങ്ങളിൽ 25 പ്രാവശ്യം ലൂക്കായുടെ സുവിശേഷ ത്തിലും അപ്പസ്തോല പ്രവർത്തനങ്ങളിലുമായി കാണാം. ഇവ രണ്ടിന്റെയും ഗ്രന്ഥകാരാനായ ലൂക്കാ സുവിശേഷകൻ 'മെറ്റനോയിയ' എന്ന പദത്തിന് വളരെയധികം പ്രാധാന്യം നൽകുന്നുണ്ട്. പന്തക്കുസ്താ തിരുനാളിനുശേഷം ശ്ലീഹന്മാർ ലോകത്തിന്റെ നാനാഭാഗങ്ങളിൽ പോയി അവരുടെ ജീവിതം പണയംവെച്ചു പ്രഘോഷിച്ച മുഖ്യമായ സദ്‌വാർത്തയും 'മെറ്റനോയിയ' ആയിരുന്നു.

മനസ്സിന്റെ മാറ്റം, ഉന്നതങ്ങളിലെ ചിന്ത എന്നൊക്കെ പറയുമ്പോൾ വ്യക്തിയിലും, സമൂഹത്തിലും പ്രകടമായി കാണുന്ന വേറിട്ട നവമായ ജീവി തശൈലിയും പ്രവൃത്തികളുമാണ്. മനുഷ്യനിൽ ദൈവം പ്രവർത്തിക്കുന്ന വലിയ അത്ഭുതമാണ് മനസ്സിന്റെ മാറ്റം/ഹൃദയത്തിന്റെ മാറ്റം. തിന്മയോടു നിരന്തരം പടവെട്ടുവാനും, പാപം ചെയ്യാതിരിക്കുവാനും ദൈവത്തെ അനുസ രിക്കുവാനും ലഭിക്കുന്ന കൃപയാണ് 'മെറ്റനോയിയ.' മനസ്സിനു മാറ്റം സംഭ വിക്കണമെങ്കിൽ 'ഉന്നതങ്ങളെക്കുറിച്ചുള്ള' ചിന്ത അനിവാര്യമാണ്. അത്യുന്ന തമായ ദൈവതിരുമനസ്സിനെ മുഖാഭിമുഖം കണ്ടുമുട്ടുമ്പോഴാണ് മനുഷ്യ മനസ്സ് ഉന്നതമായി, ഉത്തമമായി തീരുക. നേർക്കാഴ്ചയായി ദൈവം നമ്മുടെ ജീവിതത്തിലേയ്ക്കിറങ്ങി വരുമ്പോൾ സംഭവിക്കുന്ന അത്ഭുതമാണ് രക്ഷാക രമായ അനുഭവം. ഇതു ജീവിതത്തെ മുഴുവൻ നവീകരിക്കും. ജീവിതത്തിനു മാറ്റം സംഭവിക്കണമെങ്കിൽ, ഇന്നുവരെ തുടർന്ന ജീവിതത്തിനു വ്യത്യാസം വരണമെങ്കിൽ അത്യുന്നതങ്ങളിൽ നിന്നും മനുഷ്യനായി അവതരിച്ച ഈശോയെ കണ്ടുമുട്ടേണ്ടിയിരിക്കുന്നു. ദൈവത്തിലേക്കു തിരിയുമ്പോഴാണ് ജീവിതത്തിനു ഉണർവ്വേകുന്ന പുത്തനുൾക്കാഴ്ചയുണ്ടാകുന്നത്. 'മെറ്റ നോയിയ' മാനസാന്തരത്തിന്റെ പുതുജീവിതമാണ്.

"പശ്ചാത്തപിക്കുന്നില്ലെങ്കിൽ നിങ്ങളെല്ലാവരും അതുപോലെ നശി ക്കും." ഒരേ സമയം രക്ഷാകരവും എന്നാൽ അതേസമയം ഭീതിജനിപ്പിക്കുന്ന തുമായ പ്രസ്താവനയാണിത്. ഈശോയുടെ ഈ ആഹ്വാനം പല പ്രാവശ്യം കേട്ടിട്ടുപോലും വലിയ മാറ്റങ്ങൾ സംഭവിക്കാതെ നാം മുന്നോട്ടുപോയി കൊ ണ്ടിരിക്കുകയാണ്. പല ദുരന്തങ്ങളും ദാരുണമരണങ്ങളും കണ്ടും കേട്ടുമാണ് നാം ജീവിതയാത്ര തുടരുക. അവയൊക്കെ ബോധപൂർവ്വം മറക്കാൻ ശ്രമിച്ചു കൊണ്ട്, മനസ്സു മരവിച്ചവരെപ്പോലെയാണ് നാം സഞ്ചരിക്കുന്നതും. നിത്യേന യുള്ള റോഡപകടങ്ങളും, വെള്ളത്തിൽപോയി മരിക്കുന്നതും അറിഞ്ഞിട്ടു കൂടിയാണ് ജീവിതക്രമത്തിൽ യാതൊരു മാറ്റവും വരുത്താതെ മുന്നോട്ടുള്ള നമ്മുടെ കുതിപ്പ് തുടരുക. നാടിനെ നടുക്കുന്ന മദ്യദുരന്തങ്ങളും മരണക്കാറ്റു വീശുന്ന വെടിക്കെട്ടപകടങ്ങളും ഉണ്ടാകുമ്പോൾ പോലും പതിവു അനുശോ ചന സന്ദേശങ്ങളും, ചാനൽ ചർച്ചകളും, അപകടത്തിൽപ്പെട്ടവർക്കുള്ള പാരി തോഷികങ്ങൾ നൽകുന്നതിലും മാത്രമായി ഒതുങ്ങുന്ന വ്യവസ്ഥിതിയാണ് നമുക്കുള്ളത്. ഭാവിയിൽ ഇത്തരം ദുരന്തങ്ങൾ ഉണ്ടാകാതിരിക്കാനുള്ള ചില കർശന നിയന്ത്രണങ്ങൾ ഏർപ്പെടുത്താനുള്ള പ്രഖ്യാപനങ്ങളും ഇക്കൂട്ട ത്തിൽപ്പെടും. എന്നാൽ ഇതിനെക്കാളെക്കെ ഉപരിയായി സമ്പൂർണ്ണ മാറ്റം വരുത്തുവാൻ തയ്യാറില്ലാതെ നാം മിടുക്കന്മാരാകുവാൻ ശ്രമിക്കുന്ന കാഴ്ച യും വിശേഷം തന്നെ. ഫലം ദുരന്തങ്ങൾ പിന്നേയും ആവർത്തിക്കും. ഒരു പക്ഷേ ആ ദുരന്തത്തിൽ നമ്മളിലാരെങ്കിലുമൊക്കെ അകപ്പെടാനുള്ള സാധ്യതയുമുണ്ട്.

പുതിയ ഭരണകൂടം എന്തെല്ലാം നല്ലമാറ്റങ്ങളാണ് സമൂഹനന്മയ്ക്കാ യി കൊണ്ടുവരുകയും അതു ഫലപ്രദമായി നടപ്പിലാക്കുകയും ചെയ്യുക എന്നു നാമോരോരുത്തരും ആകാംക്ഷയോടെ കാത്തിരിക്കുകയാണ്. വ്യവസ്ഥിതി മാറണമെങ്കിൽ മന:സ്ഥിതി മാറണം. നാം മാറിയാൽ മാത്രമേ നമുക്കു ചുറ്റുമുള്ള ലോകത്തിനു മാറ്റമുണ്ടാകൂ. ഉന്നതമായ ചിന്തയും നീതി യുള്ള പ്രവൃത്തിയും സമൂഹത്തെ മുഴുവൻ മാറ്റിമറിക്കുന്ന വിപ്ലവാത്മകമായ പുളിമാവാണ്.

ശ്ലീഹാക്കാലത്തിലെ ആറാം ഞായറാഴ്ചയായ ഇന്നു ശ്രവിച്ച സുവി ശേഷ ഭാഗം നമ്മെ വീണ്ടും ഓർമ്മപ്പെടുത്തുന്നു. തിരുത്തലുകൾക്കു വിധേയ മാകുക എന്നുള്ളതാണ്. തെറ്റായ വഴികളിൽ നിന്നും പാപകരമായ ജീവിത ത്തിൽ നിന്നും പിന്മാറുക. ഉന്നതമായ ചിന്തയുടെയും, ഉത്കൃഷ്ടമായ ജീവി തത്തിന്റെയും ആൾരൂപമാകുക. ഉയരങ്ങളിലേയ്ക്കു കണ്ണുകൾ ഉയർത്തുക യും ഉന്നതങ്ങളെ കുറിച്ചുള്ള ചിന്തകൊണ്ടു നിറക്കുകയും ചെയ്യുന്ന മനസ്സി ന്റെ ഉടമയാകുക.

മിശിഹാ നമ്മുടെ ജീവിതത്തെ ഗ്രസിക്കുകയും അവിടുന്നു നൽകുന്ന രക്ഷ ജീവിതത്തെ മുഴുവൻ പ്രകാശിപ്പിക്കുകയും ചെയ്യട്ടെ.